(ബി) മന്ത്രിസഭാ ഉപസമിതിയുടെ ഇത് സംബന്ധിച്ച പ്രധാന ശിപാർശകൾ എന്തെല്ലാമായിരുന്നു ; പ്രസ്തുത സമിതിയിലെ അംഗങ്ങളും മുഖ്യമന്ത്രിയും പങ്കെടുത്ത സർക്കാർ പരിപാടികളിൽ, ഫ്ളക്സ് ബോർഡുകൾ സർക്കാർ ചെലവിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതിനെക്കുറിച്ചറിയാമോ ;

(സി) പ്രസ്തുത തീരുമാനം നടപ്പിലാക്കുവാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ ?.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ഉണ്ട്. എന്നാൽ പ്രസ്തുത തീരുമാനം പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

(ബി) ഇത് സംബന്ധിച്ച മന്ത്രിസഭാ ഉപസമിതിയുടെ ശിപാർശകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വർഷങ്ങളായി ഉപയോഗത്തിലിരിക്കുന്ന ഫ്ലക്സ് ബോർഡുകൾക്ക് അതിലേർപ്പെട്ടിരിക്കുന്ന സംരംഭകരുടെയും തൊഴിലാളികളുടെയും താല്പര്യംകൂടി കണക്കിലെടുത്ത് ഉടനടി പൂർണ്ണ നിരോധനം ഏർപ്പെടുത്താതെ ഘട്ടം ഘട്ടമായി നിയന്ത്രണം ഏർപ്പെടുത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഗ്രാമീണ റോഡ് വികസനം

24 (*294) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡ് വികസനത്തിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വികസനത്തിനുവേണ്ടി പ്രയോജനപ്പെടുത്തിയ കേന്ദ്ര പദ്ധതികൾ വിശദമാക്കാമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) കൈവരിച്ചിട്ടുണ്ട്.

(ബി) 100 ശതമാനം കേന്ദ്ര സർക്കാർ സഹായമുള്ള പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന നടപ്പിലാക്കിവരുന്നു. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 പ്രകാരം ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളെയും നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ കഴിയുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും, ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണം എന്നീ പ്രവൃത്തികൾ പദ്ധതിയിൽ അനുവദനീയമാണ്.

(സി&ഡി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 2010-11 സാമ്പത്തിക വർഷം മുതൽ പദ്ധതി ലഭ്യമാക്കുന്നതിനുള്ള മുൻഗണനാ മാനദണ്ഡങ്ങൾ ബോർഡർ ഏരിയായിൽ വരുന്ന റോഡുകൾ, നക്സൽ ഭീഷണി നേരിടുന്ന പ്രദേശങ്ങളിലെ റോഡുകൾ, എ.ഡി.ബി./ലോക ബാങ്ക് ലോൺ മുഖേന ഏറ്റെടുക്കുന്ന റോഡുകൾ തുടങ്ങിയ മാനദണ്ഡങ്ങൾ പ്രകാരമാണ് പുതിയ പദ്ധതികൾ അനുവദിച്ചിരുന്നത്. എന്നാൽ സംസ്ഥാനം ഈ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ ടി മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി പുതിയ പദ്ധതികൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട തനുസരിച്ച് 689.90 കോടി രൂപ അടങ്കലായി 1011.715 കിലോമീറ്റർ ദൈർഘ്യം വരുന്ന 415 റോഡുകൾക്ക് കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിക്കുകയുണ്ടായി. കൂടാതെ പി.എം.ജി.എസ്.വൈ. II-ൽ ഉൾപ്പെടുത്തി 570 കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡുകളുടെ പാക്കേജ് സമർപ്പിക്കുന്നതിനുള്ള അനുമതിയും കേന്ദ്ര സർക്കാരിൽ നിന്നും നേടിയെടുക്കാൻ കഴിഞ്ഞു.

നിരവധി തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രതികരണമില്ലാത്ത ഫേസ് 2 മുതൽ 7 വരെയുള്ള പ്രവൃത്തികൾ 2010 ഷെഡ്യൂൾ പ്രകാരം റിവൈസ് ചെയ്ത് 42 ശതമാനം ടെണ്ടർ പ്രീമിയം അനുവദിച്ചതുവഴി 155 പ്രവൃത്തികൾക്ക് കരാർ ഉറപ്പിക്കുന്നതിന് സാധിച്ചു. കൂടാതെ വിവിധ കാരണങ്ങളാൽ ആരംഭിക്കാത്തതും മുടങ്ങിക്കിടക്കുന്നതുമായ

LIBRARY ARCHIVES Kerala Legislative Assembly

മുൻഘട്ടങ്ങളിലെ 130 കിലോമീറ്റർ ദൈർഘ്യം വരുന്ന 68 റോഡുകളുടെ പ്രവൃത്തികൾക്ക് 2013 PMGSY Schedule of Rate പ്രകാരം സംസ്ഥാന സർക്കാർ വിഹിതമായി 60.64 ലക്ഷം രൂപ അധിക തുക നൽകി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. Phase VIII ബാച്ച് 1-ലെ 194 റോഡുകൾക്ക് PMGSY SoR 2013 നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പദ്ധതിയുടെ തുടക്കം മുതൽതന്നെ (2006-07 മുതൽ) ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പ് തലത്തിൽ സാധന-വേതന ഘടകങ്ങളുടെ അനുപാതം 60:40 പാലിച്ചുകൊണ്ട് സാധന ഘടകം പ്രയോജനപ്പെടുത്തി മറ്റ് പ്രവൃത്തികൾക്കൊപ്പം റോഡുപണി ഏറ്റെടുക്കുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. പി.എം.ജി.എസ്.വൈ. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി സംസ്ഥാന തലത്തിൽ ഒരു ചീഫ് എഞ്ചിനീയറേയും ഒരു എംപവേർഡ് ഓഫീസറേയും നിയോഗിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 14 സ്വതന്ത്ര സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരേയും നിയമിച്ചിട്ടുണ്ട്.

സമഗ്ര നാളികേര വികസന പദ്ധതി

25 (*295) ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നവർ ആരെല്ലാമാണെന്ന് വിശദമാ ക്കുമോ ;

(ഡി) എത്ര ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly